**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിനോദ നികുതി- സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റിക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ വിനോദനികുതിയിനത്തിൽ കുടിശ്ശികയായതും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് പരാമർശ വിധേയമായതുമായ 58.09 ലക്ഷം രൂപ ഒടുക്കുന്നതിന് ഇളവ് അനുവദിക്കുന്നത് നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(എം.എസ്)നം.97/2014/തസ്വഭവ തീയതി, തിരുവനന്തപുരം, 03/06/2014

---

**പരാമർശം :-**

1. 27-10-2012-ൽ സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റി സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച അപേക്ഷ
2. 18-1-2013, 1-7-2013 തീയതിയിലെ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ R18/39667/V നമ്പർ കത്ത്.
3. 12-6-2013 തീയതിയിലെ തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലിന്റെ 3 എ (4) നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

തിരുവനന്തപുരം കോർപ്പറേഷന്റെ 2009-10 വർഷത്തേക്കുള്ള എ.ജി.ആഡിറ്റ് റിപ്പോർട്ടിൽ 5-ാം നമ്പരായി സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റിയിൽ നിന്നും വിനോദനികുതി ഈടാക്കാത്തതുമൂലം വരുമാന നഷ്ടം 58.09 ലക്ഷം എന്ന് പരാമർശിച്ചിരുന്നു. സൊസൈറ്റിയിൽ നിന്നും വിനോദ നികുതി ഈടാക്കി വരുമാന നഷ്ടം ഒഴിവാക്കണമെന്നും നിർദ്ദേശിച്ചു.

4. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത്, കഴിഞ്ഞ 35 വർഷങ്ങളായി പ്രവർത്തിച്ച് വരുന്നതും 11-8-88-ലെ ഉത്തരവ് പ്രകാരം Federation of Film Societies of India -ൽ രജിസ്റ്റർ ചെയ്തതിനാലും ടി സൊസൈറ്റിക്ക് വിനോദനികുതിയിളവ് കോർപ്പറേഷൻ അനുവദിച്ച് നൽകിയിരുന്നു. എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ടിൽ വരിസംഖ്യ സ്വീകരിച്ചുകൊണ്ട് വിനോദ പരിപാടികൾ നടത്തി വരുന്ന സ്ഥാപനമായതിനാൽ 1962 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ടാക്സ് ചട്ടങ്ങളിലെ ചട്ടം 41 പ്രകാരം വിനോദനികുതി ഈടാക്കേണ്ടതാണെന്നും ആയതിലേക്ക് 58.09 ലക്ഷം രൂപ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടിയിരുന്നു എന്നാൽ 11-8-88-ലെ ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരം ടി സ്ഥാപനം കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

ആയതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശം പരിഗണിച്ച് ആഡിറ്റ് പരാമർശ വിധേയമായ തുക കോർപ്പറേഷനിൽ ഒടുക്കുന്നതിന് സൂര്യ ഫിലിം സൊസൈറ്റിക്ക് തിരുവനന്തപുരം കോർപ്പറേഷൻ നോട്ടീസും ബില്ലും നൽകുകയുണ്ടായി..

അതേതുടർന്ന് ടി തുക (ആഡിറ്റ് പരാമർശ വിധേയമായ തുക) ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് പരാമർശം (1) പ്രകാരം സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റി, സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചു.

ഓഡിറ്റ് പരാമർശ വിധേയമായ തുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുവാനോ, ഇളവ് അനുവദിക്കുന്നതിനോ കോർപ്പറേഷന് അധികാരമില്ലാത്തതും ആയത് സർക്കാരിൽ നിക്ഷിപ്തമാണെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുമതിയ്ക്കായി പരാമർശം (3) പ്രകാരം തീരുമാനമെടുത്ത് അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രാദേശിക സർക്കാരുകളുടെ സർവ്വീസ് delivery ഒരു പരിധിവരെ തനതുവരുമാനവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റിക്ക് വിനോദനികുതിയിനത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ കുടിശ്ശികയായതും ആഡിറ്റ് പരാമർശ വിധേയമായതുമായ 58.09 ലക്ഷം രൂപ ഒഴിവാക്കുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്ന സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഈ സാഹചര്യത്തിൽ ആഡിറ്റ് പരാമർശ വിധേയമായ തുക (58.09 ലക്ഷം രൂപ) സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റിയിൽ നിന്നും ഈടാക്കാനുള്ള നടപടി തിരുവനന്തപുരം കോർപ്പറേഷൻ സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ.പി.എം. മൊഹമ്മദ് ഹാനിഷ്**
**സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
സെക്രട്ടറി, സൂര്യ സ്റ്റേജ് & ഫിലിം സൊസൈറ്റി, ചൈതന്യ, തൈയ്ക്കാട്, തിരുവനന്തപുരം -695014
അക്കൗണ്ടന്റ് ജനറൽ (എൽബിഎ & എ, തിരുവനന്തപുരം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.